# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-168 — 18.06.2012-ൽ മറുപടിയ്ക്ക്

**പാതയോര യോഗ നിയന്ത്രണ നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) നിയന്ത്രണങ്ങൾക്ക് വിധേയമായി വഴിയോര യോഗങ്ങൾക്ക് അനുമതി നൽകിക്കൊണ്ടുള്ള 2011-ലെ കേരള പബ്ലിക് വേയ്സ് (റസ്ട്രിക്ഷൻ ഓഫ് അസംബ്ളീസ് ആന്റ് പ്രൊസഷൻസ്) ആക്ടിലെ ചില വ്യവസ്ഥകൾ റദ്ദാക്കിക്കൊണ്ട് സുപ്രീംകോടതി നടത്തിയ പരാമർശങ്ങളുടെ പൂർണ്ണ രൂപം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് കൂടുതൽ പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ നിലവിലുള്ള സംസ്ഥാന നിയമങ്ങളിൽ പൗരജനങ്ങളുടെ അവകാശം ഹനിക്കപ്പെടുന്ന വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും, ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും നിയമജ്ഞരുടെ ഒരു സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

(എ) (ബി) & (സി) ലഭിച്ചിട്ടില്ല. എന്നാൽ 2011-ലെ കേരള പബ്ലിക് വേയ്സ് (റസ്ട്രിക്ഷൻ ഓഫ് അസംബ്ളീസ് ആന്റ് പ്രൊസഷൻസ്) ആക്ടിലെ സെക്ഷൻ 5(1)(c) ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ടതിനാൽ 32428/2011, 32429/2011 എന്നീ റിട്ട് പെറ്റീഷനുകളിൽ 22.03.2012-ലുണ്ടായ വിധി പ്രകാരം ബഹു. കേരള ഹൈക്കോടതി സെക്ഷൻ 5(1)(c) റദ്ദാക്കുകയും, സെക്ഷൻ 5(1) (a), (d) എന്നിവ നിയന്ത്രണങ്ങളോടെ അംഗീകരിക്കുകയും ചെയ്തു. കേരളാ ഹൈക്കോടതിയുടെ വിധി പൂർണ്ണമായും ശരിയല്ലെന്നും കർശന നിയന്ത്രണങ്ങൾക്കു വിധേയമായി പബ്ലിക് റോഡിലും, റോഡ് മാർജിനിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ സമ്മേളിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള അധികാരം ജില്ലാ പോലീസ് മേധാവിക്ക് നൽകേണ്ടതാണെന്നും ചൂണ്ടിക്കാണിച്ച് പ്രസ്തുത വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മറ്റു കാര്യങ്ങൾ പരിശോധിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ